ആവശ്യമായ ചികിത്സാ ധനസഹായം നൽകണമെന്നും, കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ. നൽകിയ കത്ത് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി എടുത്തുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ടി. സംഭവത്തിന് ആലപ്പുഴ സൗത്ത് പോലീസ് സ്റ്റേഷനിൽ ക്രൈം 185/99 നമ്പരായി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും, കേസ്സിലെ നാലാം പ്രതിയെ അറസ്റ്റ്ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ഒന്നു മുതൽ മൂന്നു വരെ പ്രതികൾ ഒളിവിൽ പോയിട്ടുള്ളതും 5.6.99-ൽ ആലപ്പുഴ ജില്ലാ കോടതിയിൽനിന്നും മുൻകൂർ ജാമ്യം എടുത്തിട്ടുള്ളതുമാണ്.

(സി) നടപടി സ്വീകരിച്ചുവരികയാണ്.

78 (78) നാട്ടകം ഗസ്റ്റ് ഹൗസ് ജീവനക്കാരെ മർദ്ദിച്ച സംഭവം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. എം.കെ. മുനീർ :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്ത് നാട്ടകം ഗസ്റ്റ് ഹൗസ് ജീവനക്കാരായ രണ്ടു പേരെ ചിലർ മർദ്ദിച്ചതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ഡി) മർദ്ദനകാരണം എന്താണെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്.

(സി)മുതൽ (ഇ)വരെ കേസ്സ് അന്വേഷണത്തിലാണ്.

79 (79) ലോറികൾ ആക്രമിക്കപ്പെട്ടതായ സംഭവം

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്തകാലത്തായി തമിഴ്നാട്ടിൽനിന്നും പാലക്കാട് ജില്ലയിൽ പ്രവേശിക്കുന്ന ലോറികൾ ആക്രമിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ആക്രമണകാരികളെ അറസ്റ്റ് ചെയ്യുന്നതിനും അവർക്കെതിരെ കേസ്സ് എടുക്കുന്നതിനും എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇപ്രകാരമുള്ള ആക്രമണം അവസാനിപ്പിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

80 (80) പുതിയാപ്പ കടപ്പുറത്തെ മയക്കുമരുന്നു വിൽപ്പന

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയാപ്പ കടൽപ്പുറം കേന്ദ്രീകരിച്ച് മയക്കുമരുന്നു വിൽപ്പന വ്യാപകമായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു തടയുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരാതി ലഭിച്ചാൽ നിയമാനുസൃതം നടപടി സ്വീകരിക്കാം.

81 (81) പോലീസിനെതിരെയുള്ള ആക്രമണം സംബന്ധിച്ച കേസ്സുകൾ

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസിനെ ആക്രമിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എവിടെയെല്ലാമാണ് ആക്രമണം ഉണ്ടായിട്ടുള്ളത്;

(സി) എത്ര കേസ്സുകളിൽ സാമൂഹ്യദ്രോഹികളും ഗുണ്ടകളും പ്രതികളായിട്ടുണ്ട്;

(ഡി) എത്ര കേസ്സുകളിൽ ഭരണകക്ഷികളിൽപ്പെട്ടവർ പ്രതികൾ ആയിരുന്നു;

(ഇ) ഇവർ ഏതെല്ലാം രാഷ്ട്രീയ പാർട്ടിയിൽ പെട്ടവരാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly